LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി പദ്ധതിയിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി

10 [1688] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
" ടി. എൻ. പ്രതാപൻ:
" ഇ. എം. അഗസ്തി:
" എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പദ്ധതിയിൽ നിന്നും ഇപ്പോൾ എത്ര വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു;

(ബി) കല്ലാർ ഡൈവർഷൻ ഡാമിൽ നിന്നും തമിഴ്നാട് വെള്ളം ചോർത്തുന്ന പക്ഷം ഇടുക്കി ജലവൈദ്യുത ഉൽപ്പാദനം കുറയുമോ; എങ്കിൽ എത്ര എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) 2003 ജൂൺ മുതൽ 2004 ജനുവരി വരെയുള്ള കാലയളവിൽ പ്രതിദിനം ശരാശരി 3.11 മി.യൂ. ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ ആകെ ഉൽപ്പാദനം 760 മി. യൂണിറ്റാണ്.

(ബി) ഇടുക്കി പദ്ധതിയുടെ മൂന്നാം ഘട്ടമായ കല്ലാർ-ഇരട്ടയാർ ഡൈവർഷൻ പദ്ധതിയിൽ 376 മി. യൂ. വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിയും. ഇടുക്കിയിൽ നിന്നും ഒരു മി. യൂ. വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ 0.6796 മില്യൺ മീറ്റർ ക്യൂബ് ജലം ആവശ്യമുണ്ട്. തമിഴ്നാട് വെള്ളം ചോർത്തുന്നപക്ഷം അതിനനുസരണമായി വൈദ്യുതി ഉൽപ്പാദനം കുറയും. തമിഴ്നാട് വെള്ളം ചോർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മണ്ണാർക്കാട് വട്ടപ്പാറ മിനി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം

11 [1689] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ തച്ചംപാറ പഞ്ചായത്തിലെ വട്ടപ്പാറ മിനി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ള 60 ചെറുകിട ജലവൈദ്യുത പദ്ധതികളിൽ ആദ്യ ഘട്ടത്തിൽ 30 പദ്ധതികൾക്കുവേണ്ടി വിളിച്ച മത്സര സ്വഭാവമുള്ള ടെണ്ടറിൽ ഉൾപ്പെട്ട പദ്ധതികളാണ് പാലക്കാട് ജില്ലയിലെ ലോവർ വട്ടപ്പാറയും (7 മെ.വാ.) അപ്പർ വട്ടപ്പാറയും (3 മെ. വാ.). പ്രസ്തുത പദ്ധതികൾക്ക് സ്വകാര്യ സംരംഭകരിൽനിന്നും ലഭിച്ച അപേക്ഷകൾ പരിശോധിച്ചുവരുന്നു.

(ബി) ഈ പദ്ധതികൾക്ക് അനുമതി ലഭിച്ചുകഴിഞ്ഞാൽ നിശ്ചിത 69 മാസത്തിനുള്ളിൽ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

വൈദ്യുതി നിരക്ക് വർദ്ധന

12 [1691] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര യൂണിറ്റ് വൈദ്യുതി അധികം ഉൽപ്പാദിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുതി പ്രസരണനഷ്ടം നികത്താൻ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; അവ ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) 116.22 മില്യൺ യൂണിറ്റ് വൈദ്യുതി അധികം ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly